# പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3944 11/11/2019-ൽ മറുപടിയ്ക്ക്

**മെഡിക്കൽ ഉപകരണങ്ങൾ വിതരണം ചെയ്യുവർക്കുള്ള കുടിശ്ശിക**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.പാറക്കൽ അബ്ദുല്ല** | **കെ.കെ.ശൈലജടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത ശിശു വികസനവും വകുപ്പമന്ത്രി)** |

| | | | |
|---|---|---|---|
| (എ) | കോഴിക്കോട്, ആലപ്പുഴ, തിരുവനന്തപുരം മെഡിക്കൽ കോളേജുകൾക്ക് സ്റ്റെന്റ് അടക്കമുള്ള ഉപകരണങ്ങൾ കടം കൊടുക്കില്ലെന്ന് വിതരണക്കാരുടെ സംഘടന വെളിപ്പെടുത്തുകയുണ്ടായോ; | (എ) | തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിൽ സ്റ്റെന്റടക്കമുള്ള ഉപകരണങ്ങൾ കടം കൊടുക്കുകയില്ലെന്ന് വിതരണക്കാർ അറിയിച്ചിട്ടില്ല. ആലപ്പുഴ മെഡിക്കൽ കോളേജിൽ മുമ്പ് കുടിശ്ശിക ഉണ്ടായിരുന്ന സമയത്ത് സ്റ്റെന്റടക്കമുള്ള ഉപകരണങ്ങൾ കടം കൊടുക്കുകയില്ലെന്ന് വിതരണക്കാർ അറിയിച്ചിട്ടുണ്ടായിരുന്നു. കോഴിക്കോട് മെഡിക്കൽ കോളേജിൽ സ്റ്റെന്റടക്കമുള്ള ഉപകരണങ്ങൾ കടം കൊടുക്കുകയില്ലെന്ന് വിതരണക്കാരുടെ സംഘടന വെളിപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | 2018 നവംബർ 1 മുതൽ 2019 ജൂൺ 30 വരെ പത്തുകോടി രൂപ കോഴിക്കോട് മെഡിക്കൽ കോളേജ് ഈ ഇനത്തിൽ കുടിശ്ശികയായി നൽകാനുണ്ടോ എന്ന് വെളിപ്പെടുത്താമോ; | (ബി) | കോഴിക്കോട് മെഡിക്കൽ കോളേജിൽ കാരുണ്യ പദ്ധതി പ്രകാരം 2018 നവംബർ മുതൽ ഉപകരണങ്ങൾ വാങ്ങിയ ഇനത്തിൽ കുടിശ്ശികയില്ല. എന്നാൽ 2019 ജനുവരി 1 മുതൽ 2019 ജൂൺ 30 വരെ 7,10,12,858/- രൂപ ഈ ഇനത്തിൽ നൽകുവാനുണ്ട്. |
| (സി) | സംസ്ഥാനത്തൊട്ടാകെ നാല്പത്തി മൂന്നു കോടി രൂപയുടെ കുടിശ്ശിക ഈ ഇനത്തിലുണ്ടെന്ന് വിതരണക്കാർ വ്യക്തമാക്കുകയുണ്ടായോ; | (സി) | തിരുവനന്തപുരം മെഡിക്കൽ കോളേജിൽ 16 കോടി രൂപയും, കോഴിക്കോട് മെഡിക്കൽ കോളേജിൽ 7,10,12,858/- രൂപയും, ആലപ്പുഴ മെഡിക്കൽ കോളേജിൽ 1,62,87,924/- രൂപയും, കോട്ടയം മെഡിക്കൽ കോളേജിൽ 5,58,56,346/- രൂപയും, തൃശ്ശൂർ മെഡിക്കൽ കോളേജിൽ 5,02,393/- രൂപയുമുൾപ്പെടെ ആകെ 30,36,59,521/- രൂപ വിതരണക്കാർക്ക് നൽകാനുണ്ട്. |
| (ഡി) | വിതരണ കമ്പനിക്കാരുടെ നിലപാട് സമൂഹത്തിലെ അടിത്തട്ടിലുള്ളവരെ ഏറെ പ്രതികൂലമായി ബാധിക്കുമെന്ന് കരുതുന്നുണ്ടോ; | (ഡി) | സ്റ്റെന്റടക്കമുള്ള ഉപകരണങ്ങളുടെ വിതരണം തടസ്സപ്പെടാത്തതിനാൽ വിതരണകമ്പനിക്കാരുടെ നിലപാട് സമൂഹത്തിലെ അടിത്തട്ടിലുള്ളവരെ പ്രതികൂലമായി ബാധിക്കുന്നില്ല. |

| | | | |
|---|---|---|---|
| ഇ) | എങ്കിൽ ഇത് പരിഹരിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് അറിയിക്കാമോ? | (ഇ) | മെഡിക്കൽ കോളേജുകളിലെ ഫണ്ടിന്റെ ലഭ്യതയുടെ അടിസ്ഥാനത്തിൽ വിതരണ കമ്പനിക്കാരുടെ കുടിശ്ശിക തുക നൽകിവരുന്നു. |

സെക്ഷൻ ഓഫീസർ